ഉത്തരം

(എ) 2014 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ സംസ്ഥാനത്ത് യൂറിയ വളത്തിന് ക്ഷാമം അനുഭവപ്പെട്ടിട്ടുണ്ട്. മറ്റു വളങ്ങൾക്കൊന്നും തന്നെ ക്ഷാമം നേരിട്ടിട്ടില്ല. നിലവിൽ രാസവളങ്ങൾക്കൊന്നും തന്നെ സംസ്ഥാനത്ത് ക്ഷാമം അനുഭവപ്പെടുന്നില്ല.

(ബി) കേന്ദ്ര ഗവൺമെന്റ് ഓരോ കമ്പനികൾക്കും അലോട്ട് ചെയ്യുന്ന രാസവളങ്ങൾ അന്യസംസ്ഥാനങ്ങളിലെ ഇറമുഖങ്ങളിൽ ഇറക്കി അവിടെ നിന്നും കേരളത്തിലേക്ക് റെയിൽ/റോഡ് മാർഗ്ഗം കൊണ്ടുവരികയാണ് ചെയ്യുന്നത്. യൂറിയ, ഡൈ അമോണിയം ഫോസ്ഫേറ്റ്, മ്യൂറേറ്റ് ഓഫ് പൊട്ടാഷ്, സിംഗിൾ സൂപ്പർ ഫോസ്ഫേറ്റ് എന്നീ വളങ്ങളാണ് അന്യസംസ്ഥാന ഇറമുഖങ്ങൾവഴി കേരളത്തിൽ എത്തിക്കുന്നത്.

(സി) 2014-15 സാമ്പത്തിക വർഷം ഖാരിഫ് സീസണിലേക്കും റാബി സീസണുകളിലേക്കുമായി ആവശ്യമായി വരുന്ന രാസവളങ്ങളുടെ കേന്ദ്ര അലോട്ട്മെന്റ് ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	രാസവളത്തിന്റെ പേര്	ഖാരിഫ് 2014-15 (മെട്രിക് ടണ്ണിൽ)	റാബി 2014-15 (മെട്രിക് ടണ്ണിൽ)
1.	യൂറിയ	90000	80000
2.	ഡൈ അമോണിയം ഫോസ്ഫേറ്റ്	15000	10000
3.	മ്യൂറേറ്റ് ഓഫ് പൊട്ടാഷ്	88000	75000
4.	കോംപ്ലക്സ് (എൻ.പി.കെ.)	130000	100000
5.	സിംഗിൾ സൂപ്പർ ഫോസ്ഫേറ്റ്	20000	5750

(ഡി) പരിശോധിച്ചുവരുന്നു.

റബ്ബർ പർച്ചേസ് ടാക്സ്

163 (1579) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിലത്തകർച്ചയിൽനിന്നും റബ്ബർ കർഷകരെ രക്ഷിക്കാൻ ആവിഷ്കരിച്ച നടപടികളെല്ലാം വൻപരാജയമായിരുന്നുവെന്ന ആക്ഷേപം സംബന്ധിച്ച് അഭിപ്രായം വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) റബ്ബറിന്റെ പർച്ചേസ് ടാക്സ് ഒഴിവാക്കിയതിന്റെ പ്രയോജനം ലഭിച്ചത് വൻകിട ടയർ കമ്പനികൾക്കും വ്യവസായികൾക്കുമാണ് എന്ന ആക്ഷേപം സംബന്ധിച്ച് അഭിപ്രായം വ്യക്തമാക്കാമോ ;

(സി) വ്യാപാരികൾ വാങ്ങിവച്ചിരുന്ന റബ്ബറും അവരുടെ ഫാക്ടറികളിൽ ഉൽപ്പാദിപ്പിച്ച ക്രംബ് റബ്ബറും വിറ്റഴിച്ച് ലാഭം കൊയ്യാൻ വേണ്ടിയായിരുന്നു പർച്ചേസ് ടാക്സ് ഒഴിവാക്കിയതെന്ന ആക്ഷേപം സംബന്ധിച്ച് അഭിപ്രായം വ്യക്തമാക്കാമോ ;

(ഡി) പർച്ചേസ് ടാക്സ് ഒഴിവാക്കിയതുകൊണ്ട് റബ്ബർ കർഷകന് മെച്ചപ്പെട്ട വില ലഭിച്ചോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) റബ്ബർ സംഭരണംമൂലം റബ്ബറിന്റെ നിലവിലുണ്ടായിരുന്ന വില താഴ്ന്ന് പോകാതെ ഒരു പരിധിവരെ പിടിച്ചു നിർത്താൻ സാധിച്ചിട്ടുണ്ട്.

(ബി&സി) ബാധകമല്ല.

(ഡി) റബ്ബർ കർഷകന് മെച്ചപ്പെട്ട വില ലഭിക്കുന്നതിനു വേണ്ടിയാണ് പർച്ചേസ് ടാക്സ് ഒഴിവാക്കിയത്.

റബ്ബർ സംഭരണം

164 (1580) ശ്രീ. എം. എ. ബേബി :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എം. ഹംസ :
ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പ് സാമ്പത്തിക വർഷം റബ്ബർ സംഭരണത്തിനായി ചെലവഴിച്ച ഫണ്ട് വിശദമാക്കാമോ ;

(ബി) ഏതൊക്കെ ഏജൻസികൾക്കാണ് റബ്ബർ സംഭരണത്തിന് ഫണ്ട് അനുവദിച്ചതെന്ന് അറിയിക്കുമോ ;

(സി) ഓരോ ഏജൻസിയും ചെലവഴിച്ച തുകയും മിച്ചമുള്ള തുകയും എത്രയെന്ന് വ്യക്തമാക്കാമോ ;

(ഡി) റബ്ബർ സംഭരണം കൊണ്ട് റബ്ബർ വില ഉയർത്താനും കർഷകന് മെച്ചപ്പെട്ട വില ലഭ്യമാക്കാനും കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly